## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2444 | 08.05.2017-ൽ മറുപടിക്ക്

### വേമ്പനാട് കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) | വേമ്പനാട് കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി WP(C) 687/13 നമ്പർ കേസിൽ കയ്യേറ്റം അളന്നു തിട്ടപ്പെടുത്താനായി ഫോർട്ട് കൊച്ചി സബ്കളക്ടറെ നിയമിച്ച് എന്നാണ് ഉത്തരവായത്; | (എ) വേമ്പനാട് കായലിന്റെ അതിർത്തി സർവ്വെ ചെയ്ത് അതിർത്തികൾ നിശ്ചയിച്ച് അതിരടയാളം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തി സമയ ബന്ധിതമായി നിർവ്വഹിക്കുന്നതിന് 08.11.2016 മുതൽ ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചി ട്ടുള്ളതാണ്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; | (ബി) മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫോർട്ട് കൊച്ചി സബ്കളക്ടർ ചെയർ പേഴ്സണായി 13 അംഗ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുള്ളതാണ്. |
| (സി) | എങ്കിൽ എന്നാണ് കമ്മിറ്റി രൂപീകൃത മായത്; | (സി) 08.11.2016-ൽ കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. |
| (ഡി) | പ്രസ്തുത കമ്മിറ്റി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ഡി) ഫോർട്ട് കൊച്ചി സബ്കളക്ടർ ചെയർ പേഴ്സണായിട്ടുള്ള കമ്മിറ്റി 23.11.2016- ന് യോഗം ചേർന്ന് വേമ്പനാട് കായൽ കൈയ്യേറ്റം തിട്ടപ്പെടുത്തുന്നതിന് വേമ്പനാട് കായൽ സർവ്വെ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് കണ്ടെത്തുകയും, സർവ്വെയ്ക്ക് ആവശ്യമായ ഫോഴ്സ്, തുക, ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗരേഖ തയ്യാറാക്കി നൽകാൻ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വെയെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സർവ്വെ പൂത്തോട്ട മുതൽ മൂത്തകുന്നം വരെയുള്ള വേമ്പനാട് കായൽ സർവ്വെ ചെയ്യുന്നതിനുള്ള ഫോഴ്സ്, തുക, ഉപകരണം എന്നിവ തിട്ടപ്പെടുത്തി വിശദമായ രൂപരേഖ സമർപ്പിച്ചിട്ടുള്ളതാണ്. മേൽ റിപ്പോർട്ട് പ്രകാരം എറണാകുളം ജില്ലയുടെ പരിധിയിലുള്ള വേമ്പനാട് കായൽ സർവ്വെ ചെയ്യുന്നതിന് 44,77,684 (നാൽപ്പത്തി നാല് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അറുന്നൂറ്റി എൺപത്തിനാല്) രൂപ ചെലവ് വരുന്നതാണ്. കായൽ പുറമ്പോക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിക്ഷിപ്തമായതിനാൽ വേമ്പനാട് കായൽ ഉൾപ്പെട്ട് വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ യോഗം 09.12.2016-ന് നടത്തുകയും ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും വഹിക്കേണ്ട തുക തിട്ടപ്പെടുത്തി ലഭ്യമാക്കിയിട്ടുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് സംശയം പ്രകടിപ്പിച്ച സാഹചര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ, ടിയാന്റെ അധികാര പരിധിയിലുള്ള വേമ്പനാട് കായലിന്റെ ഭാഗം സർവ്വെ ചെയ്യുന്നതിന് ആവശ്യമായ തുക ലഭ്യമാക്കാനുള്ള പ്രവർത്തനം ക്രോഡീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സർവ്വെ ജോലികൾ ആരംഭിക്കാൻ കഴിയും. |
| (ഇ) | തേവര ജംഗ്ഷൻ മുതൽ തേവര തെക്കേയറ്റത്തെ ഫെറി വരെയും തേവര പടിഞ്ഞാറൻ കായൽ തീരത്തെയും കൈയ്യേറ്റം കണ്ടെത്തുന്നതിനായി പ്രസ്തുത കമ്മിറ്റി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ഇ) | തേവര ജംഗ്ഷൻ മുതൽ തേവര തെക്കേയറ്റത്തെ ഫെറി വരെയും തേവര പടിഞ്ഞാറൻ കായൽ തീരവും വേമ്പനാട് കായലിന്റെ ഭാഗമാണ്. ആയതിന്റെ സർവ്വെയും മേൽ സർവ്വെക്കൊപ്പം പൂർത്തിയാകുന്നതാണ്. |
| (എഫ്) | പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എഫ്) | വേമ്പനാട് കായലോരം സർവ്വെ ചെയ്ത് റെക്കോർഡ് തയ്യാറാകുവാനാണ് സ്പെഷ്യൽ ടാസ്ക് ഫോഴ്സിനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. സർവ്വെ ജോലികൾക്ക് ആവശ്യമായ ഭീമമായ തുക സർവ്വെ വകുപ്പിന് നൽകുന്നതിനുണ്ടായ താമസം മൂലമാണ് സർവ്വെ ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. എറണാകുളം ജില്ലാ കളക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വേമ്പനാട് കായലിന്റെ ഭാഗമായ ചിലവന്നൂർ കായലിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 03.04.2017-ലെ സ.ഉ (സാധാ) 1589/17/റവ നം. ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക എറണാകുളം ജില്ലാ കളക്ടർക്ക് മാറി നൽകാൻ സർവ്വെ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ട് മാറുന്ന മുറയ്ക്ക് അടിയന്തിരമായി സർവ്വേ പൂർത്തിയാക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**